**കേരള കാർഷികസർവകലാശാല**
കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)
ഇ-മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050

നം : എ1 – 2688/2024 തീയ്യതി : 13.09.2024

# ക്വട്ടേഷൻ നോട്ടീസ്

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ സെക്യൂരിറ്റി ഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമക്കുന്നതിനായി പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് 2005 പ്രകാരം ലൈസൻസ് ഉള്ള സെക്യൂരിറ്റി ഏജൻസി /വിമുക്ത ഭടൻമാർ/പാരാമിലിട്ടറിയിൽ നിന്നും വിരമിച്ചവർ /പോലീസിൽ നിന്നും വിരമിച്ചവർ എന്നിവരിൽ നിന്നും താഴേക്കാണുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ സ്വീകരിക്കുന്നു.

**യോഗ്യത**

1. 2024 ഒക്ടോബർ 1 ന് 30 വയസ്സിനും 65 വയസ്സിനും ഇടയിൽ ഉള്ളവരായിരിക്കണം.
2. എട്ടാം ക്ലാസ് ആയിരിക്കണം.
3. നല്ല കായികക്ഷമത ഉണ്ടായിരിക്കണം, സൈക്ലിംഗ് അറിഞ്ഞിരിക്കണം.
4. ഒഴിവുകളുടെ എണ്ണം – 3. (പകൽ കാല സെക്യൂരിറ്റി ഗാർഡ് –1, രാത്രികാല സെക്യൂരിറ്റി ഗാർഡ്–2)

**വ്യവസ്ഥകളും നിബന്ധനകളും**

1. തെരഞ്ഞെടുക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡ് പതിവായും കൃത്യമായും ജോലിക്ക് ഹാജരാകണം.
2. സെക്യൂരിറ്റി ഏജൻസി/വിമുക്ത ഭടൻമാർ/പാരാമിലിട്ടറിയിൽ നിന്നും വിരമിച്ചവർ/പോലീസിൽ നിന്നും വിരമിച്ചവർ എന്നിവരുടെ അഭാവത്തിൽ മാത്രമേ എക്സ്പീരിയൻസുള്ള മറ്റു വ്യക്തികളെ സ്ഥാപന മേധാവിയുടെ അംഗീകാരത്തോടെ നിയമിക്കുകയുള്ളൂ.
3. മിനിമം വേതന ചട്ടപ്രകാരമുള്ള മിനിമം വേതനം നൽകാൻ ക്വട്ടേഷൻ ലഭിക്കുന്ന പക്ഷം പ്രസ്തുത കരാറുകാരൻ/സെക്യൂരിറ്റി സർവീസ് ഏജൻസി ബാധ്യസ്ഥരായിരിക്കും
4. ജോലി സമയത്ത് ഉപയോഗിക്കേണ്ട യൂണിഫോം, സൈക്കിൾ, ടോർച്ച്, വിസിൽ, മഴക്കോട്ട്, ഗംബൂട്ട് മുതലായവ സ്വന്തം ചെലവിൽ കൊണ്ടു വരേണ്ടതാണ്.
5. വെള്ളക്കടലാസിൽ, 8 മണിക്കൂർ, സുരക്ഷ ജോലിക്ക് ഒരാൾക്ക് പ്രതിദിനം ലഭിക്കേണ്ട കുറഞ്ഞ കൂലി, (എല്ലാ നികുതികളും അടക്കം), രേഖപ്പെടുത്തി മൊബൈൽ നമ്പറും പൂർണ്ണ മേൽവിലാസവും സഹിതം പേരെഴുതി ഒപ്പിട്ട് കവറിൽ അടക്കം ചെയ്ത് സീൽ ചെയ്താണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്. കവറിനു പുറത്ത് ' ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലെ സെക്യൂരിറ്റി ജോലികൾക്കുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
6. ഇപ്രകാരം തയ്യാറാക്കുന്ന ക്വട്ടേഷനുകൾ 28.09.2024 ന് ഉച്ചക്കു ശേഷം 2 മണിക്ക് മുൻപായി ' പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. അന്നേ ദിവസം 2.45 PM ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ആ സമയത്ത് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

7. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം 3000/- രൂപ (മൂവായിരം രൂപ മാത്രം ഈ ഓഫീസിൽ നേരിട്ട് പണമായോ ' പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം' എന്ന വിലാസത്തിലോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മഞ്ചേരി ശാഖയിൽ (ടൗൺ ബ്രാഞ്ച്) മാറാവുന്നതും ആയ ഡിമാന്റ് ഡ്രാഫ്റ്റായോ അടക്കേണ്ടതാണ്. കൂടാതെ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം/വ്യക്തി 200/- രൂപ (ഇരുനൂറ് രൂപ മാത്രം) വിലയുള്ള മുദ്രപത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പിട്ട് നൽകേണ്ടതും സുരക്ഷാ നിക്ഷേപം 7,500/- രൂപ (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ക്വട്ടേഷൻ ഉറപ്പിച്ച് 7 ദിവസത്തിനകം മേൽപറഞ്ഞ പ്രകാരം അടക്കേണ്ടതാണ്. നിരതദ്രവ്യം സുരക്ഷാ നിക്ഷേപത്തിലേക്ക് വകവെയ്ക്കാവുന്നതാണ്. സുരക്ഷാ നിക്ഷേപം ക്വട്ടേഷൻ കാലാവധിക്കു ശേഷം രശീതി ഹാജരാക്കുന്ന മുറയ്ക്ക് മറ്റ് നടപടിക്രമങ്ങൾക്ക് വിധേയമായി തിരികെ നൽകുന്നതുമാണ്.

8. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന ഏജൻസിക്ക്/രജിസ്ട്രേഷനും സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇതു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

9. ജോലിക്ക് നിയോഗിക്കപ്പെടുന്നവരുടെ തിരിച്ചറിയൽ രേഖ മുൻകൂട്ടി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അടുത്ത ഡ്യൂട്ടിയിലുള്ള ആൾ വന്ന ശേഷം മാത്രമേ ഡ്യൂട്ടിയിലുള്ള ആൾ പോകുവാൻ പാടുള്ളൂ.

10. സുരക്ഷ ജീവനക്കാരായി നിയമിക്കപ്പെടുന്നവരുടെ കുറഞ്ഞ വേതനം, വേതനവുമായി ബന്ധപ്പെട്ട പരാതികൾ, മിനിമം വേജ് ആക്ട്, ഇ.പി.എഫ് ആൻഡ് എം.പി ആക്ട്, ഇ.എസ്.ഐ ആക്ട്, വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് തുടങ്ങി എല്ലാ വിധ തൊഴിൽ നിയമങ്ങളുടെയും ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്തം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ ഏജൻസി/വ്യക്തിയിൽ നിക്ഷിപ്തമാണ്. കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരു ബാധ്യതയും ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല.

11. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാവരുത്. ഏതെങ്കിലും കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ ഏജൻസി/വ്യക്തി സത്യവാങ്മൂലം നൽകേണ്ടതാണ്. ജോലിയിലിരിക്കുമ്പോൾ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത കാര്യം സംഭവം നടന്ന് 24 മണിക്കൂറിനകം കരാറുകാരൻ പ്രൊഫസർ & ഹെഡിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

12. സുരക്ഷാ ഉദ്യോഗസ്ഥരുടെ അശ്രദ്ധ മൂലമോ ജോലിയിലുണ്ടാകുന്ന വീഴ്ച മൂലമോ സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം/വ്യക്തി നേരിട്ട് ഉത്തരവാദിയായിരിക്കും. ഇത്തരത്തിലുള്ള നഷ്ടം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം/വ്യക്തിയിൽ നിന്ന് ഈടാക്കുന്നതാണ്.

13. സുരക്ഷ ജോലികളുടെ മേൽനോട്ട അധികാരമുള്ള ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണമാണ് ജോലികൾ ചെയ്യേണ്ടത്.

14. സർക്കാർ ചട്ട പ്രകാരം ബന്ധപ്പെട്ട രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമായ സമയങ്ങളിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം/വ്യക്തിയുടെ ഉത്തരവാദിത്തമാണ്. ബന്ധപ്പെട്ട സർക്കാർ നിയമങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിക്കേണ്ടത് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം/വ്യക്തിയുടെ ഉത്തരവാദിത്തമാണ്.

15. സെക്യൂരിറ്റി ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് വേണ്ട യൂണിഫോം, ഷൂ, ബെൽറ്റ് തുടങ്ങിയവ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം/വ്യക്തി അവരുടെ ചെലവിൽ നൽകേണ്ടതാണ്.

16. ആവശ്യാനുസരണം സെക്യൂരിറ്റി ജീവനക്കാരെ കരാർ കാലയളവിൽ ലഭ്യമാക്കാൻ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന് ബാധ്യതയുണ്ടായിരിക്കും.

17. ക്വട്ടേഷൻ കാലയളവിൽ വിന്യസിക്കപ്പെട്ട സെക്യൂരിറ്റി ജീവനക്കാർക്ക് അർഹമായ വേതനത്തിന് പുറമെ, കേരള കാർഷിക സർവകലാശാലയുടെ യാതൊരുവിധ ആനുകൂല്യങ്ങൾക്കോ നിയമനങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
18. ജോലി സമയത്ത് സെക്യൂരിറ്റി ഗാർഡിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദി കരാർ ഏറ്റെടുത്ത വ്യക്തിയോ ഏജൻസിയോ ആയിരിക്കും. ഈ കേന്ദ്രത്തിലെ ഏതെങ്കിലും വസ്തുക്കൾ മോഷണം പോവുകയോ നാശനഷ്ടം സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ അതു സംബന്ധിച്ചുള്ള നഷ്ടം നികത്തുന്നത് ക്വട്ടേഷൻ സ്വീകരിക്കപ്പെട്ട ഏജൻസി /വ്യക്തിയിൽ നിന്നായിരിക്കും.
19. ജോലിക്കിടെ അപകടം, മരണം എന്നിവ ഉണ്ടാവുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ട് യാതൊരുവിധ നഷ്ടപരിഹാരങ്ങൾക്കും കേരള കാർഷിക സർവകലാശാലയ്ക്ക് ബാധ്യതയുണ്ടായിരിക്കുന്നതല്ല.
20. കരാർ ഏറ്റെടുക്കുന്ന ഏജൻസി പ്രസ്തുത കരാർ മറ്റ് ഏജൻസികൾക്ക് കൈമാറാൻ പാടുള്ളതല്ല.
21. സെക്യൂരിറ്റി ഗാർഡുകൾ മദ്യപിക്കുന്നവരോ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരോ ആകരുത്. സന്ദർശകരോട് മാന്യമായി പെരുമാറേണ്ടതും രജിസ്റ്റർ വേണ്ടവിധം സൂക്ഷിക്കേണ്ടതുമാണ്.
22. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം നൽകുന്ന പ്രതിമാസ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും സുരക്ഷ ജീവനക്കാരുടെ വേതനം വിതരണം ചെയ്യുക. ഇപ്രകാരം വിതരണം ചെയ്യുന്ന വേതനത്തിൽ നിന്ന് ആദായ നികുതി ബാധകമാണെങ്കിൽ ആയത് കുറവ് ചെയ്യുന്നതാണ്. നിയമാനുസരണം ബാധകമായ മറ്റു നികുതികൾ (**CGST, SGST** തുടങ്ങിയവ) ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം/വ്യക്തി നേരിട്ട് ബന്ധപ്പെട്ട ഓഫീസുകളിൽ അടക്കേണ്ടതാണ്.
23. ഏതെങ്കിലും സാഹചര്യത്തിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന്റെ സേവനം തൃപ്തികരമല്ലാതെ കണ്ടാൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം പ്രൊഫസർ & ഹെഡിൽ നിക്ഷിപ്തമായിരിക്കും.
24. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

**(ഒപ്പ്)**
ഡോ. മുസ്തഫ കുന്നത്താടി
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ് :

സർവ്വകലാശാല വെബ്സൈറ്റ് /നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം), വില്ലേജ് ഓഫീസ് ആനക്കയം, ആനക്കയം ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ ആനക്കയം, ഫാം സൂപ്രണ്ട്.

പകർപ്പ് :

സ്റ്റോക്ക് ഫയൽ/കരുതൽ